STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.215/PR/SPMC/PHQ/2022 Date: 21.10.2022

## വീരചരമം പ്രാപിച്ച പോലീസ് ഉദ്യോഗസ്ഥർക്ക് ആദരാഞ്ജലികൾ അർപ്പിച്ചു

ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ വീരചരമം പ്രാപിച്ച പോലീസ് ഉദ്യോഗസ്ഥർക്ക് രാഷ്ട്രം ഇന്ന് ശ്രദ്ധാഞ്ജലി അർപ്പിച്ചു.

തിരുവനന്തപുരത്ത് പോലീസ് ആസ്ഥാനത്തെ ധീരസ്മൃതിഭൂമിയിൽ സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത് പുഷ്പചക്രം സമർപ്പിച്ചു. സായുധരായ പോലീസ് സേനാംഗങ്ങൾ വീരചരമം അടഞ്ഞ ഓഫീസർമാരുടെ സ്മരണയ്ക്ക് മുന്നിൽ ആദരാഞ്ജലി അർപ്പിച്ചു. മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ ചടങ്ങിൽ പങ്കെടുത്തു.

എല്ലാ വർഷവും ഒക്ടോബർ 21 നാണ് രാജ്യവ്യാപകമായി പോലീസ് സ്മൃതിദിനം ആചരിക്കുന്നത്. കഴിഞ്ഞ ഒരു വർഷത്തിനിടെ രാജ്യത്ത് 264 പോലീസ് ഉദ്യോഗസ്ഥരാണ് ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ ജീവൻ വെടിഞ്ഞത്. ഇതിൽ കേരളത്തിൽ നിന്ന് തിരുവനന്തപുരം എസ്.എ.പിയിലെ പോലീസ് കോൺസ്റ്റബിൾ എസ്.ബാലുവും ഉൾപ്പെടുന്നു. കേസന്വേഷണത്തിൻറെ ഭാഗമായി സഹപ്രവർത്തകരോടൊപ്പം വള്ളത്തിൽ യാത്ര ചെയ്യവേ കടയ്ക്കാവൂർ പണയിൽ കടവിൽ ഉണ്ടായ അപകടത്തിലാണ് കഴിഞ്ഞ കൊല്ലം ഡിസംബർ 18ന് ബാലു മരണമടഞ്ഞത്

*********************************